നിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം നടത്തുന്നതിന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) നെടുമ്പാശ്ശേരി വിമാനത്താവളത്തിന് അന്താരാഷ്ട്ര പദവി ലഭിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. കെ. മുഹമ്മദാലി : സർ, നെടുമ്പാശ്ശേരി വിമാനത്താവളത്തിന് അന്താരാഷ്ട്ര പദവി ലഭിക്കാതിരിക്കുവാൻ ബോംബെ ലോബികളും അവരെ പ്രീണിപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റിലെ ചിലരും ഇന്നു സജീവമായി ശ്രമിച്ചു വരികയാണ്. എല്ലാതരത്തിലും വരുന്ന ആധുനികമായ വിമാനങ്ങൾ ഇറങ്ങുവാനും പറന്നുയരുവാനും കഴിയുന്ന വിമാനത്താവളമാണ് കൊച്ചി വിമാനത്താവളം. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വളരെ പ്രോയജനകരമാകുന്ന ഈ വിമാനത്താവളത്തിന്റെ വികസനം തടയാൻ വേണ്ടിയുള്ള ആസൂത്രിതമായ ശ്രമമാണ് നടന്നുവരുന്നത്. സാധാരണ നടന്നുവരുന്നതുപോലെ കത്തിടപാടുകളിൽമാത്രം ഒതുക്കിനിർത്താതെ, ഇതിന്റെ ഉദ്ഘാടന സമയത്ത് അന്ന് കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രിയായിരുന്ന ശ്രീ. ആനന്ദ കുമാർ പ്രഖ്യാപിച്ചതുപോലെ ഈ വിമാനത്താവളത്തിന് അന്താരാഷ്ട്ര പദവി ലഭിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി നേരിട്ടിടപെട്ട് സംസാരിച്ച് എം.പി.മാരുടെ സഹകരണം തേടിക്കൊണ്ട് ഇതിന് അടിയന്തിര പരിഹാരമുണ്ടാക്കണം. അന്താരാഷ്ട്ര പദവി അടിയന്തിരമായി നെടുമ്പാശ്ശേരി വിമാനത്താവളത്തിനുണ്ടാക്കാൻ വേണ്ടി ഗവൺമെന്റ് സത്വരമായി ശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഇന്ത്യയിലാദ്യമായി സംസ്ഥാന സർക്കാരിന്റെയും പൊതുജനങ്ങളുടെയും സംയുക്ത സംരംഭത്തിൽ സ്ഥാപിച്ചിട്ടുള്ള വിമാനത്താവളമാണ് നെടുമ്പാശ്ശേരി വിമാനത്താവളം. അതിന് ഇതുവരെ അന്താരാഷ്ട്ര പദവി ലഭിച്ചിട്ടില്ല. അതുകൊണ്ട് വിദേശവിമാനക്കമ്പനികൾക്ക് ഇവിടെനിന്നും സർവ്വീസ് നടത്താൻ കഴിയുന്നില്ല. ഇപ്പോൾ എയർ ഇന്ത്യക്കു മാത്രമേ ഇവിടെനിന്നും രാജ്യാന്തര സർവ്വീസ് നടത്താൻ കഴിയുകയുള്ളൂ അതുകൊണ്ട് എയർ ഇന്ത്യയ്ക്കുള്ള പരിമിതമായ യാത്രാസൗകര്യം മാത്രമേ യാത്രക്കാർക്ക് ഇപ്പോൾ ലഭിക്കുന്നുള്ളൂ. ഇതിന് അന്താരാഷ്ട്ര പദവി കിട്ടുന്നതോടുകൂടി വിദേശവിമാനക്കമ്പനികൾക്ക് ഇവിടെനിന്നും സർവ്വീസ് നടത്താൻ കഴിയും. വിദേശത്തേയ്ക്കുള്ള യാത്രക്കാരുടെ എണ്ണം ഗണ്യമായി വർദ്ധിക്കുകയും ചെയ്യും. ഇപ്പോൾ മറ്റ് അന്താരാഷ്ട്ര വിമാനത്താവളങ്ങളെ ആശ്രയിക്കേണ്ടിവരുന്ന മലയാളിയാത്രക്കാർക്ക് അതുവളരെ ആശ്വാസപ്രദമായിരിക്കും. വിമാനത്താവളത്തിന്റെ വരുമാനവും ഗണ്യമായി വർദ്ധിക്കും. ഇപ്പോഴുള്ള സൗകര്യം പരമാവധി ഉപയോഗപ്പെടുത്താൻ കഴിയും. കൂടുതൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഇതുമൂലം സാധിക്കുന്നതുകൊണ്ട് നമ്മുടെ വ്യവസായ വിനോദസഞ്ചാര മേഖലകൾ അഭിവൃദ്ധിപ്പെടുത്താനുമിടയാകും. വിമാനത്താവളത്തിന് അന്താരാഷ്ട്ര പദവി ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടന്നുവരുന്നു. ഇതുസംബന്ധിച്ച് കേന്ദ്ര വ്യോമയാന മന്ത്രിയെ ഞാൻ നേരിൽ കാണുകയും ഈ ആവശ്യം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അനുഭാവപൂർവ്വം കാലതാമസം കൂടാതെ തീരുമാനമെടുക്കുമെന്നാണ് കേന്ദ്രമന്ത്രി സമ്മതിച്ചത്. സംസ്ഥാനത്തുനിന്നുള്ള എല്ലാ എം.പി. മാരോടും ഇതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. അന്താരാഷ്ട്ര പദവി നേടി

LIBRARY ARCHIVES Kerala Legislative Assembly

യെടുക്കുവാൻ കൂട്ടായ യത്നം ആവശ്യമാണ്. എല്ലാവരുടേയും സഹകരണം അതിനായി അഭ്യർത്ഥിക്കുന്നു.

(3) തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെതിരെയുള്ള അക്രമം

'ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, പ്രതിപക്ഷ നേതാവിന്റെ നിയോജകമ ണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ടി.കെ. ഹരിദാസനെ കഴിഞ്ഞ 18-ാം തീയതി പട്ടാപകൽ റോഡിലിട്ട് വധിക്കാൻ നട ത്തിയ നീചമായ ആക്രമണത്തിൽ അദ്ദേഹം രണ്ടുകൈകളും ഒരു കാലും ഒടിഞ്ഞ് ഗുരുതരമായ പരിക്കുകളോടെ ചേർത്തല ഗ്രീൻ ഗാർഡൻസ് ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുകയാണ്. പ്രൊഫ. എ.വി. താമരാ ക്ഷനും ഞാനും അദ്ദേഹത്തെ പോയി കണ്ടിരുന്നു. 18-ാം തീയതി 11 മണിക്ക് ബ്ലോക്ക് പഞ്ചായത്തുകമ്മിറ്റി വിളിച്ചുകൂട്ടിയിരുന്നു. ആ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുക്കുവാൻ അദ്ദേഹം ബസ്സിൽ യാത്രചെയ്ത് അന്ന് ഉദ്ദേശം പകൽ പത്തേമുക്കാൽ മണിക്ക് പാണാപ്പള്ളി പഞ്ചായത്ത് ഓഫീസിന് മുൻവ ശത്തുള്ള ബസ്സ് സ്റ്റോപ്പിൽ ഇറങ്ങിയപ്പോഴാണ് കടലാസിൽ പൊതിഞ്ഞ മാര കായയുധങ്ങളുമായി കാത്തുനിന്നിരുന്ന പ്രതികൾ അദ്ദേഹത്തെ കടന്നാക്ര മിച്ച് വധിക്കുവാൻ ശ്രമിച്ചത്. അദ്ദേഹം അടികൊണ്ട് റോഡിൽ വീണതിനു ശേഷം കടകളുടെ ബോർഡും പരിസരങ്ങളിൽ വച്ചിരുന്ന സൈക്കിളുമെല്ലാം തല്ലിത്തകർത്തിനുശേഷമാണ് ഈ കുറ്റവാളികൾ അവിടെനിന്നും പിൻവാങ്ങി യത്. ഈ ഭീകരാന്തരീക്ഷം സൃഷ്ടിക്കാൻ കാരണം പറയുന്നത് അദ്ദേഹത്തി നെതിരായി അവതരിപ്പിച്ച അവിശ്വാസം പരാജയപ്പെട്ടതുകൊണ്ടാണ് അദ്ദേ ഹത്തെ വധിക്കാൻ ശ്രമിച്ചതെന്നാണ്. അദ്ദേഹം പോലീസിന് മൊഴികൊടു ത്തു, ആ മൊഴിയിൽ വധഗൂഢാലോചനക്കാരുടെ പേരുകൾ പറഞ്ഞിട്ടുണ്ട്. ആരോപിച്ച 5 പേരിൽ ഒരാൾ ഓട്ടോ ഡ്രൈവർ പിള്ളേച്ചനും മറ്റൊരാൾ സോള മൻ എന്ന ടോമിയുമാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ആക്രമിക്കപ്പെട്ട ഒരു ലോക്കൽ സെൽഫ് ഗവൺമെന്റ് തലവനാണ് പോലീസിന് മൊഴി കൊടു ത്തത്; മൊഴി കൊടുത്തിട്ട് 5 ദിവസം കഴിഞ്ഞു. എന്നിട്ടും പോലീസിന് ഒരു പ്രതിയെപ്പോലും അറസ്റ്റുചെയ്യാൻ കഴിഞ്ഞിട്ടില്ല. രാഷ്ട്രീയ സ്വാധീനമാണ് പോലീസ് അന്വേഷണത്തിനും നടപടികൾക്കും തടസ്സമായി നിൽക്കുന്നത് എന്നാരോപണമുണ്ട്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കാനുള്ളത് അദ്ദേഹത്തിനുനേരെ നടത്തിയ വധ ഗൂഢാലോചനയെ പ്പറ്റിയും കുറ്റകൃത്യത്തെ സംബന്ധിച്ചും അടിയന്തിരമായി അന്വേഷണം നട ത്തുന്നതിനും പ്രതികളെ അറസ്റ്റുചെയ്യുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം കൊടുക്കണമെന്നാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ആലപ്പുഴ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റ് ശ്രീ. കെ. ഹരിദാസനെ 18.2.2000-ന് രാവിലെ പഞ്ചായത്ത് ഓഫീസിന് മുമ്പിൽവച്ച് ചിലർ ചേർന്ന് ദേഹോപദ്രവ മേൽപ്പിച്ചതായി പരാതി ലഭിച്ചു. ഇതുസംബന്ധിച്ച് കണ്ടാലറിയാവുന്ന നാലു പേരുടെ പേരിൽ ക്രൈം 27/2000 നമ്പരായി പൂച്ചയ്ക്കൽ പോലീസ് സ്റ്റേഷൻ ഒരു കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly